"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കേരള അഗ്നിരക്ഷാസേവനം- കടയ്ക്കൽ അഗ്നിരക്ഷാനിലയത്തിൽ ഫയർ & റസ്ക്യൂ ഓഫീസർ ശ്രീ.മുഹമ്മദ് ഷബീറിന്റെ മാതാവിന്റെ ചികിത്സയ്ക്ക് അനുവദിച്ച പലിശരഹിത ചികിത്സാ വായ്പ ക്രമീകരിച്ച് ഉത്തരവാകുന്നു.

---

ആഭ്യന്തര(എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.1254/2025/HOME    തീയതി,തിരുവനന്തപുരം, 10-04-2025

---

പരാമർശം:-

1. സ.ഉ(സാധാ.) നം. 2195/2021/ആഭ്യന്തരം തീയതി.05.08.2021
2. അഗ്നിരക്ഷാസേവനവകുപ്പ് ഡയറക്ടർ ജനറലിന്റെ 14.03.2025 തീയതിയിലെ FIREHQ/1663/2023-ID നമ്പർ കത്ത്

<u>ഉത്തരവ്</u>

കടയ്ക്കൽ അഗ്നിരക്ഷാനിലയത്തിലെ ഫയർ & റസ്ക്യൂ ഓഫീസർ ശ്രീ.മുഹമ്മദ് ഷബീറിന്റെ മാതാവിന് തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ ഹൃദയസംബന്ധമായ അസുഖത്തിന്റെ ചികിൽസയ്ക്കായി പരാമർശം (1) പ്രകാരം 2,00,000/- രൂപ പലിശരഹിത ചികിത്സാവായ്പ അനുവദിച്ചിരുന്നു. ചെലവായ 91,208/- രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും, ബാക്കി തുകയായ 1,08,792/- രൂപ ട്രഷറിയിൽ അടച്ച് ചെലാനും സമർപ്പിച്ചിരുന്നു. ചെലവായ തുകയുടെ ബില്ലുകൾ പരിശോധന നടത്തിയതിൽ 83,654/- രൂപ അനുവദനീയമെന്ന കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ , വായ്പയിൽ ബാക്കിയുള്ള 7,554/- രൂപയും പലിശയായ 860/- രൂപയും തിരികെ അടയ്ക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ, പലിശരഹിതചികിത്സാ വായ്പ ക്രമീകരിക്കണമെന്ന് അഗ്നിരക്ഷാസേവനവകുപ്പ് ഡയറക്ടർ ജനറൽ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യങ്ങളിൽ, കടയ്ക്കൽ അഗ്നിരക്ഷാനിലയത്തിലെ ഫയർ & റസ്ക്യൂ ഓഫീസർ ശ്രീ.മുഹമ്മദ് ഷബീറിന്റെ മാതാവിന് തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ ചികിൽസയ്ക്കായി പരാമർശം 1 പ്രകാരം അനുവദിച്ച പലിശരഹിത ചികിത്സാവായ്പ ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജീഷ് ബി ഗോപൻ

അണ്ടർ സെക്രട്ടറി

ഡയറക്ടർ ജനറൽ, കേരള അഗ്നിരക്ഷാ സേവന വകുപ്പ് തിരുവനന്തപുരം.

ശ്രീ.മുഹമ്മദ് ഷബീർ, ഫയർ & റസ്ക്യൂ ഓഫീസർ (ഡയറക്ടർ ജനറൽ മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (Loans-1817382/L3/222/2021-Fin പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Shabeer S**
**Date: 11-04-2025 08:33:33**

സെക്ഷൻ ഓഫീസർ